LIBRARY ARCHIVES Kerala Legislative Assembly

പി.ടി.എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസ്സുകൾ

31 (5163) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ഗവ/എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തിവരുന്നുണ്ട് ;

(ബി) ഈ ക്ലാസ്സുകളിലെ അദ്ധ്യാപകരുടെ വേതനം നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് അറിയിക്കുമോ ;

(സി) സർക്കാർ അദ്ധ്യാപകർക്ക് ലഭിക്കുന്ന മറ്റാനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുന്നുണ്ടോ ;

(ഡി) ഈ അദ്ധ്യാപകരുടെ വേതനം ഏകീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1068 (ആയിരത്തി അറുപത്തിയെട്ട്) സർക്കാർ സ്കൂളുകളിലും 977 (തൊള്ളായിരത്തി എഴുപത്തിയേഴ്) എയ്ഡഡ് സ്കൂളുകളിലും പ്രീ-പ്രൈമറി ക്ളാസ്സുകൾ നടത്തിവരുന്നുണ്ട്.

(ബി) പി.ടി.എ.കൾക്ക്.

(സി) ഇല്ല.

(ഡി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിലെ പെരുമ്പട്ട യു.പി. സ്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യാൻ നടപടി

32 (5164) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ മേഖലയിൽ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വച്ച് പുതുതായി കേരളത്തിൽ ഹൈസ്ക്കൂളുകൾ അനുവദിക്കാൻ പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിലെ പെരുമ്പട്ട ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുമോ ?